പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 196 26.03.2013 ൽ മറുപടിക്ക്

# കായംകുളം താപനിലയത്തിന്റെ വിപുലീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ<br>,, കോടിയേരി ബാലകൃഷ്ണൻ<br>,, സി. കെ. സദാശിവൻ<br>,, കെ. കെ. ജയചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) കായംകുളം താപനിലയത്തിൽ നിന്ന് ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; പ്രസ്തുത വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നതിന് യൂണിറ്റിന് എത്ര രൂപ ചെലവ് വരുന്നുണ്ട്; | (എ) കായംകുളം നിലയത്തിന്റെ സ്ഥാപിത ശേഷിയായ 360 MW പൂർണ്ണ തോതിൽ ഉല്പാദനം നടത്തുമ്പോൾ പ്രതിദിനം 7.34 Mu വൈദ്യുതി ലഭ്യമാകും. ഈ നിലയത്തിൽ നിന്നുള്ള വൈദ്യുതിയ്ക്ക് fixed charge ഇനത്തിൽ 90 പൈസയും, variable charge ഇനത്തിൽ 11.50-12.50 രൂപയോളവും ആകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) കായംകുളം താപനിലയത്തിന്റെ വിപുലീകരണത്തിലൂടെ എത്ര മെഗാവാട്ടിലേക്കാണ് ഉല്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) വിപുലീകരണത്തിന്റെ രണ്ടാം ഘട്ടത്തിൽ Phase1 ആയി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 1050MW അടക്കം 1400 MW -ന്റെആകെ ശേഷിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) ആർ.എൽ.എൻ.ജി. ഉപയോഗിക്കുമ്പോൾ യൂണിറ്റിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) RLNG ഉപയോഗിക്കുമ്പോൾ fixed charge 2 രൂപയും, crude oil വില ബാരലിന് $ 100 ആയിരിക്കുമ്പോൾ variable charge 7.15 രൂപ ആയിരിക്കുമെന്നാണ് NTPC അറിയിച്ചിട്ടുള്ളത്. 1050MW ശേഷിയുള്ള പദ്ധതിയുടെ രണ്ടാം ഘട്ടം 2016-17 ൽ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

(...2)

(ഡി) പ്രതീക്ഷിച്ച നിലയിൽ കായംകുളം താപനിലയത്തിന്റെവിപുലീകരണം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയിലേക്കുള്ള ഗ്യാസ് പൈപ്പ്ലൈൻ നിർമ്മാണം തടസ്സപ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി)യും (ഇ)യും

വിലകൂടിയ ഇന്ധനമായ നാഫ്ത ഉപയോഗിക്കുന്നതിനാൽ ഈ നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില കൂടുതലാണ്. ഈ നിലയത്തിൽ നിന്നുള്ള വൈദ്യുതിക്ക് Fixed charge 90 പൈസയാകുന്നുണ്ട്. നാഫ്തയുടെ അന്താരാഷ്ട്രവിലക്കനുസൃതമായി Variable Charge 11.50-12.50 രൂപയുമാണ് നല്കേണ്ടി വരുന്നത്. ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതിയുടെ വിലയിലെ അനിശ്ചിതത്വം കാരണം ദക്ഷിണ മേഖലയിലെ സംസ്ഥാനങ്ങൾ വൈദ്യുതി വാങ്ങുന്നതിനുള്ള സമ്മതം അറിയിച്ചിട്ടില്ല. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള സ്ഥല ലഭ്യത GAIL ന് ഉറപ്പാക്കാനായിട്ടില്ല. ഇവയാണ് പദ്ധതി പൂർത്തിയാക്കാനുള്ള പ്രധാന തടസ്സങ്ങൾ.

ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ പൈപ്പ് ലൈൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലാണ് കൊച്ചി - കായംകുളം പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. എൻ.ടി.പി.സി.യും ഗെയിലും ചേർന്ന് ഗ്യാസ് ട്രാൻസ്പോർട്ടേഷൻ എഗ്രിമെന്റ് (ജി.ടി.എ) ഒപ്പുവച്ചതിനുശേഷം കൊച്ചിയിൽ നിന്നും കായംകുളത്തുള്ള എൻ.ടി.പി.സി.യുടെ വൈദ്യുത നിലയത്തിലേക്ക് പൈപ്പ് ലൈനിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കുവാനാണ് ഗെയിൽ ഉദ്ദേശിക്കുന്നത്. ജി.ടി.എ. ഇതുവരെ ഒപ്പുവച്ചിട്ടില്ല. പൈപ്പ് ലൈൻ ഇടുന്നതിനുള്ള സർവേ നടപടികൾ ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

| | |
|---|---|
| | ഉപഭോക്താക്കളുമായി ഏർപ്പെടുന്ന PPA, ഗ്യാസ് പൈപ്പ് ലൈനിന്റെ പൂർത്തീകരണം തുടങ്ങിയവ പദ്ധതി പൂർത്തീകരണത്തിനുള്ള അനുബന്ധ ഘടകങ്ങളാണ്. 1050 MW ശേഷിയുള്ള പദ്ധതി 2016-17 ൽ പൂർത്തീകരിക്കാനാകുമെന്നാണ് NTPC പ്രതീക്ഷിക്കുന്നത്. |
| (എഫ്) പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ? | (എഫ്) പദ്ധതി വിപുലീകരണത്തിനു മുൻപ് ആദ്യഘട്ടമായി ചെയ്യാനാകുന്നത് നിലവിലുള്ള നാഫ്ത അധിഷ്ഠിത നിലയം പ്രകൃതി വാതകമുപയോഗിച്ച് ഉത്പാദനം നടത്താൻ കഴിയുന്ന രീതിയിലുള്ള സാങ്കേതിക മാറ്റങ്ങൾ ഏർപ്പെടുത്തുകയും പ്രകൃതിവാതകം കായംകുളം വരെ എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക എന്നതാണ്. ഇതിനായി നിലവിലുള്ള PPA ക്ക് ഒരു അനുബന്ധ PPA യിൽ KSEB യും NTPC യും തമ്മിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതോടെ NTPC ക്ക് സാങ്കേതിക പ്രവർത്തനങ്ങൾക്കുള്ള നടപടികളും, ഗ്യാസ് സെയിൽ എഗ്രിമെന്റും (GSA), ഗ്യാസ് ട്രാൻസ്പോർട്ടേഷൻ എഗ്രിമെന്റും (GTA) ഉഭയകക്ഷി ചർച്ച നടത്തി അന്തിമ രൂപത്തിലെത്തിക്കാൻ കഴിയും. ഈ മൂന്നു വിഷയങ്ങളിലും അവയുടെ സാമ്പത്തിക വശം കൂടി പരിശോധിച്ച് KSEB യുടെ മുൻകൂർ അനുമതി വാങ്ങി NTPC ക്ക് ആദ്യഘട്ട പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയുന്ന ഒരു സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിനുശേഷം വിപുലീകരണ പദ്ധതിക്കാവശ്യമായ പൈപ്പ് ലൈൻ നിർമ്മാണം, ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ |

(---- 4)

വിപണനം എന്നീ കാര്യങ്ങളിൽ തീരുമാനമായാൽ രണ്ടാംഘട്ടം നടപ്പിലാക്കാൻ കഴിയും. ഒന്നാം ഘട്ടത്തിനും വിപുലീകരണത്തിനും ആഭ്യന്തര പ്രകൃതിവാതകം അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര പെട്രോളിയം-വൈദ്യുതി വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ